2026
AUGUST
07
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ദക്ഷിണേന്ത്യയിലെ ആരോഗ്യമേഖല പിടിച്ചടക്കി കെകെആർ: മെഡിക്കോവർ ഇന്ത്യയെയും ഏറ്റെടുത്തു

**മുംബൈ:** ആഗോള നിക്ഷേപ സ്ഥാപനമായ കെകെആർ സ്വീഡിഷ് ഹെൽത്ത് കെയർ ശൃംഖലയായ മെഡിക്കോവറിന്റെ ഇന്ത്യൻ ബിസിനസ് ഏറ്റെടുക്കുന്നു. 14,000 കോടി രൂപയുടേതാണ് ഇടപാട്. രാജ്യത്തെ ആരോഗ്യ സംരക്ഷണ മേഖലയിൽ അടുത്ത കാലത്ത് നടന്ന ഏറ്റവും വലിയ ഏറ്റെടുക്കലാണിത്.

പ്രാദേശിക ആശുപത്രി ശൃംഖലകൾ കോർപറേറ്റ് മികവോടെ കൂട്ടിയിണക്കി വിപണിയിൽ ആധിപത്യം പുലർത്തുകയെന്നാണ് ലക്ഷ്യത്തോടെ കെകെആർ നടത്തുന്ന മൂന്നാമത്തെ ഏറ്റെടുക്കലാണിത്. മുഴുവൻ ഓഹരികളും ഏറ്റെടുത്തുകൊണ്ടാണ് ഇടപാട് പൂർത്തിയാക്കുക. നിക്ഷേപ തുകയുടെ ഭൂരിഭാഗവും പ്രവർത്തന മൂലധനത്തിനും കടബാധ്യതകൾ തീർക്കുന്നതിനുമാകും ഉപയോഗിക്കുക.

കമ്പനിയിലേക്ക് നേരിട്ടെത്തുന്ന 4,000 കോടി രൂപയുടെ മൂലധന നിക്ഷേപം മെഡിക്കോവർ ഇന്ത്യയുടെ അടിത്തറ ശക്തമാക്കാൻ ഉപയോഗിക്കും. പുതിയ ആശുപത്രികൾ ആരംഭിക്കാനും പദ്ധതിയുണ്ട്.



2017ൽ നാസ്ഡാക് സ്റ്റോക്ക്ഹോമിൽ ലിസ്റ്റ് ചെയ്ത അതേ വർഷമാണ് മെഡിക്കോവർ ഗ്രൂപ്പ് ഹൈദരാബാദ് ആസ്ഥാനമായുള്ള സഹൃദയ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡിന്റെ ഭൂരിഭാഗം ഓഹരികളും സ്വന്തമാക്കിയത്. ഇന്ന് ഗ്രൂപ്പിന്റെ ആഗോള വരുമാനത്തിന്റെ 11 ശതമാനം ഇന്ത്യയിൽ നിന്നാണ്.

സാമ്പത്തിക പ്രതിസന്ധി നേരിടുന്നതും എന്നാൽ ഉയർന്ന വളർച്ചാ സാധ്യതയുള്ളതുമായ ചെറുകിട ആശുപത്രികൾ ഏറ്റെടുത്ത് വികസിപ്പിക്കുക എന്ന തന്ത്രമാണ് മെഡിക്കോവർ സ്വീകരിച്ചത്.

നിലവിൽ വരുമാനത്തിന്റെ 34 ശതമാനവും കാർഡിയോളജി, ന്യൂറോളജി വിഭാഗങ്ങളിൽ നിന്നാണ് ലഭിക്കുന്നത്. ഓങ്കോളജി പോലുള്ള സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലേക്ക് സേവനം വ്യാപിപ്പിച്ച് വരുമാനം കൂട്ടാൻ കമ്പനി ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി സെക്കന്തരാബാദിൽ 300 ബെഡുകളുള്ള ആധുനിക ആശുപത്രിയും നവി മുംബൈയിൽ അത്യാധുനിക ട്രോമ സെന്ററും കമ്പനി സജ്ജമാക്കിയിട്ടുണ്ട്.

ദക്ഷിണേന്ത്യ കേന്ദ്രീകരിച്ച് ആശുപത്രി ശൃംഖല വികസിപ്പിക്കാനാണ് കെകെആറിന്റെ ശ്രമം. അതിന്റെ ഭാഗമായി കേരളം ഉൾപ്പടെയുള്ള വിപണിയിൽ ഇതിനകം അവർ സാന്നിധ്യം ശക്തമാക്കി. ബേബി മെമ്മോറിയൽ ആശുപത്രി, ഹെൽത്ത്കെയർ ഗ്ലോബൽ, മണിപ്പാൽ ഹോസ്പിറ്റൽ എന്നിവയിൽ നിർണായക പങ്കാളിത്തം ഇന്ന് കെകെആറിനുണ്ട്.

## സൗജന്യം നിർത്തുന്നു, യുപിഐ ഇടപാടുകൾക്ക് ഫീസ് ഈടാക്കാൻ നീക്കം

**ന്യൂദൽഹി:** ഡിജിറ്റൽ ഇടപാടുകളിൽ വിപ്ലവം സൃഷ്ടിച്ച യൂണിഫൈഡ് പേമെൻറ് ഇന്റർഫേസ് (യുപിഐ) സേവനങ്ങളിൽ മാറ്റങ്ങൾ വരുത്താനൊരുങ്ങി കേന്ദ്രസർക്കാർ.

ഉയർന്ന തുകയുടെ യുപിഐ ഇടപാടുകൾക്ക് മർച്ചൻറ് ഡിസ്കൗണ്ട് റേറ്റ് (എംഡിആർ ) ഈടാക്കാൻ വഴിയൊരുക്കുന്ന നിയമഭേദഗതി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ പാർലമെൻറിൽ അവതരിപ്പിച്ചു.

‘പേമെൻറ് ആൻഡ് സെറ്റിൽമെൻറ് സിസ്റ്റംസ് ആക്ടിൽ’ഭേദഗതി വരുത്തിയാണ് ഭാവിയിൽ ഈ ഫീസ് ഈടാക്കാനുള്ള നിയമപരമായ അധികാരം സർക്കാർ കൈവരിക്കുന്നത്.

ഉദ്ദേശിക്കുന്ന ഫീസ് ഉപഭോക്താക്കളിൽനിന്നല്ല, മറിച്ച് വൻകിട വ്യാപാരികളിൽനിന്നാണ് ഈടാക്കാൻ ഉദ്ദേശിക്കുന്നത്. അതിനാൽ സാധാരണക്കാരുടെ യുപിഐ ഇടപാടുകൾ തുടർന്നും സൗജന്യമായിരിക്കും.

2020 മുതൽ നിലനിൽക്കുന്ന സൗജന്യ യുപിഐ നയം കാരണം ഡിജിറ്റൽ പേമെൻറ് കമ്പനികൾക്കും ബാങ്കുകൾക്കും വൻ തുക സാങ്കേതികച്ചെലവായി വരുന്നുണ്ട്. ഈ മേഖലയിൽ കൂടുതൽ നിക്ഷേപവും സുരക്ഷയും ഉറപ്പാക്കാൻ തങ്ങൾക്ക് വരുമാനം ആവശ്യമാണെന്ന വ്യവസായ ലോകത്തിന്റെ ആവശ്യപ്രകാരമാണ് ഈ നീക്കം.അതേസമയം, നിലവിൽ ആലോചിക്കുന്നത് നിയമഭേദഗതി മാത്രമാണ്. എപ്പോൾ മുതൽ ഫീസ് നടപ്പിലാക്കും, എത്ര ശതമാനമായിരിക്കും നിരക്ക് എന്നീ കാര്യങ്ങളിൽ സർക്കാർ ഇതുവരെ അന്തിമ തീരുമാനമെടുത്തിട്ടില്ല. ഔദ്യോഗിക ഉത്തരവ് വരുന്നതുവരെ നിലവിലെ സൗജന്യ യുപിഐ സേവനം തുടരും.

2,000 രൂപയ്ക്കു മുകളിലുള്ള ഇടപാടുകൾ നടത്തുന്ന വൻകിട സ്ഥാപനങ്ങൾക്ക് (വാർഷിക വിറ്റുവരവ് 1.5 കോടി രൂപയ്ക്ക് മുകളിലുള്ളവർ) 0.3% മുതൽ 0.5% വരെ ഫീസ് ചുമത്താനാണ് കേന്ദ്രം ആലോചിക്കുന്നത്. ചെറുകിട വ്യാപാരികളെയും കട ഉടമകളെയും ഈ ഫീസിൽനിന്ന് ഒഴിവാക്കും.

## ഇന്റർനെറ്റ് സ്പീഡ് കുറഞ്ഞാലും ഇനി നഷ്ടപരിഹാരം; കരടുചട്ടഭേദഗതിയുമായി ട്രായ്

**ന്യൂദൽഹി:** 24 മണിക്കൂറിലധികം തുടർച്ചയായി ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് മുടങ്ങുകയോ സ്പീഡ് ഗണ്യമായി കുറയുകയോ ചെയ്താൽ ഉപയോക്താക്കൾക്ക് നഷ്ടപരിഹാരത്തിന് വഴിയൊരുങ്ങുന്നു. ടെലികോം സേവന ഗുണനിലവാരചട്ടത്തിൽ ഇതടക്കം ഭേദഗതികളോടെ കരടുചട്ടം ടെലികോം റഗുലേറ്ററി അതോറിറ്റി (ട്രായ്) പ്രസിദ്ധീകരിച്ചു.

ഒരു ജില്ലയാകെ മൊബൈൽ സേവനം 24 മണിക്കൂറെങ്കിലും മുടങ്ങിയാൽ മാത്രമേ ഇതുവരെ നഷ്ടപരിഹാരത്തിന് അർഹതയുണ്ടായിരുന്നുള്ളൂ. ഇതിനു പകരം ഒരു സർവീസ് ഏരിയയിലെ 10 ശതമാനമെങ്കിലും ഉപയോക്താക്കൾക്ക് തുടർച്ചയായി 24 മണിക്കൂർ ഇന്റർനെറ്റ് സേവനം തടസ്സപ്പെടുകയോ വേഗം 20 ശതമാനമെങ്കിലും കുറയുകയോ ചെയ്താൽ നഷ്ടപരിഹാരം ലഭിക്കും.

തത്തുല്യമായ ദിവസവാടക അടുത്ത ബില്ലിൽ ഇളവു ചെയ്യും, തുടർച്ചയായി 4 മണിക്കൂറെങ്കിലും സേവനം മുടങ്ങിയാൽ ടെലികോം വകുപ്പിനെ കമ്പനികൾ അറിയിച്ചിരിക്കണമെന്നും വ്യവസ്ഥയുണ്ട്.




## റബർവില 300 രൂപയിലേക്ക്

**കോട്ടയം:** റബർ വില 300 രൂപയെന്ന മാജിക് നമ്പറിലേക്ക് കുതിക്കുന്നു; ലാറ്റക്സിന് എക്കാലത്തെയും ഉയർന്ന വില. ഇന്നലെ ഓപ്പൺ മാർക്കറ്റിൽ ലാറ്റക്സ് സ്പോട്ട് വില കിലോഗ്രാമിന് 298 രൂപയെന്ന റെക്കോർഡിലെത്തി. ഗ്ലൗസ്, പ്രൊഫിലാറ്റിക്സ് മേഖലകളിൽ നിന്നുള്ള വൻ ഡിമാൻഡും മാർക്കറ്റിലെ ചരക്ക് ദൗർലഭ്യവുമാണു വില കുത്തനെ ഉയരാൻ കാരണം.

കൂടാതെ, പശ്ചിമേഷ്യൻ രാജ്യങ്ങളിലെ രാഷ്ട്രീയ സംഘർഷങ്ങൾ മൂലം കടൽ മാർഗമുള്ള ചരക്കുനീക്കം തടസ്സപ്പെട്ടതോടെ വിദേശത്തുനിന്നുള്ള ലാറ്റക്സ് ഇറക്കുമതി അസാധ്യമായി. ഇതും ആഭ്യന്തര മാർക്കറ്റിൽ ലാറ്റക്സ് ആവശ്യകതയും വിലയും കുതിച്ചുയരാൻ ഇടയാക്കി.

രാജ്യാന്തര മാർക്കറ്റിൽ ഷീറ്റ് റബർ വില കുറയുമ്പോഴും ആഭ്യന്തര വിപണി മുന്നേറ്റം തുടരുകയാണ്. ഇന്നലെ ബാങ്കോക്ക് മാർക്കറ്റിൽ ആർ.എസ്.എസ് 4 ഗ്രേഡ് റബർ വില ഇടിഞ്ഞ് കിലോയ്ക്ക് 266.78 രൂപയിലെത്തി. എന്നാൽ കോട്ടയം, കൊച്ചി വിപണികളിൽ വില 284 രൂപയായി തുടരുന്നു. പ്രധാന ഉൽപാദന രാജ്യങ്ങളിൽനിന്ന് മാർക്കറ്റിലേക്ക് റബറിന്റെ വരവ് ഉയർന്നതും ജപ്പാനിലെ ഒസാക്ക എക്സ്ചേഞ്ച്, സിംഗപ്പൂർ എക്സ്ചേഞ്ച് എന്നിവയുൾപ്പെടെയുള്ള ആഗോള ചരക്ക് മാർക്കറ്റുകളിൽ റബർ അവധി വ്യാപാരം താഴോട്ട് പോയതുമാണ് രാജ്യാന്തര വില ഇടിയാൻ കാരണം.



## എം.ജി സർവകലാശാല

### സ്പോട്ട് അഡ്മിഷൻ

ക്യാമ്പസിലെ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നോളജിയിൽ എം.എസ്.സി ഫുഡ് സയൻസ് ആൻഡ് ടെക്നോളജി കോഴ്സിൽ പട്ടികവർഗ്ഗ വിഭാഗത്തിനായി സംവരണം ചെയ്ത ഒരു സീറ്റൊഴിവുണ്ട്. ബയോകെമിസ്ട്രി, ബയോടെക്നോളജി, കെമിസ്ട്രി, ഫുഡ് സയൻസ് ആൻഡ് ടെക്നോളജി, മൈക്രോബയോളജി, ലൈഫ് സയൻസ് തുടങ്ങിയ അനുബന്ധ വിഷയങ്ങളിൽ ബിരുദം ഉള്ളവർ ഓഗസ്റ്റ് 7 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകളുമായി സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നോളജിയിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഫോൺ : 04842733371.

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ് (എം.ടി.ടി.എം) പ്രോഗ്രാമിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ബിരുദമാണ് യോഗ്യത (ജനറൽ 50% മാർക്ക്, ഒബിസി 47%). താല്പര്യമുള്ള വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ഓഗസ്റ്റ് 7 ഉച്ചയ്ക്ക് 2 മണിക്ക് മുൻപായി എം.ജി യൂണിവേഴ്സിറ്റി ക്യാമ്പസിലുള്ള സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ എത്തിച്ചേരേണ്ടതാണ്.

#### പരീക്ഷാ തീയതി

മോഡൽ 2 ബിഎ, ബിഎസ്.സി, ബികോം റെഗുലർ അവസാന സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷകൾ ഓഗസ്റ്റ് 10 മുതൽ നടക്കും.

#### പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ എംഎസ്.സി മാത്തമാറ്റിക്സ് (പിജിസിഎസ്എസ്) (2017, 2018 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) ജനുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ എംഎ ഹിസ്റ്ററി, ഇസ്ലാമിക് ഹിസ്റ്ററി, എം.കോം പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ എംഎസ്.സി മാത്തമാറ്റിക്സ് (2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ ബിപിഎഡ് (2025 അഡ്മിഷൻ റഗുലർ, 2023, 2024 അഡ്മിഷനുകൾ സപ്ലിമെൻററി, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

## വർക്കിംഗ് വുമൻ ഹോസ്റ്റലിൽ ഒഴിവ്

**കൊച്ചി:** കേരള സംസ്ഥാനഭവന നിർമ്മാണ ബോർഡിന്റെ വർക്കിങ് വുമൺസ് ഹോസ്റ്റലിൽ വിവിധ തസ്തികകളിൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള ഇന്റർവ്യൂ 2026 ആഗസ്റ്റ് 10 തിങ്കളാഴ്ച പകൽ 11.30 നു ഏറണാകുളം ഡിവിഷൻ ഓഫീസിൽ നടക്കും. എറണാകുളം ജില്ലയിൽ ഉള്ള ആളുകൾക്ക് മുൻഗണന. അപേക്ഷകൾ kshbekmdn@gmail.com എന്ന വിലാസത്തിൽ ഇമെയിൽ ആയും അയക്കാം. ഇമെയിൽ അയക്കുമ്പോൾ സബ്ജക്ട് ലൈനിൽ അപേക്ഷിക്കുന്ന തസ്തികയുടെ പേര് സൂചിപ്പിക്കേണ്ടതാണ്. ഹോസ്റ്റൽ വാർഡൻ ശമ്പളം 8250 രൂപ, അസി. കുക്ക് (ശമ്പളം 8250 രൂപ), കാഷ്വൽ സ്പീക്കർ (5400) തസ്തികകളിൽ ഓരോ ഒഴിവുകളാണുള്ളത്. എല്ലാ ഒഴിവും കാക്കനാടാണ്. യോഗ്യത: എസ് എസ് എൽ സി.

കൂടുതൽ വിവരങ്ങൾക്ക് 0484 2369059 എന്ന നമ്പറിലോ ബോട്ട് ജെട്ടിക്ക് സമീപമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പ്രവൃത്തി സമയത്തോ ബന്ധപ്പെടാവുന്നതാണ്.

## എം ബി എ സീറ്റൊഴിവ്

**കൊച്ചി:** പുന്നപ്ര കേപ്പ് ക്യാമ്പസ്സിലെ ഇൻസ്റ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജിയിൽ 2026-2028 വർഷത്തേക്കുള്ള ദ്വിവത്സര ഫുൾടൈം എം.ബി.എ പ്രോഗ്രാമിൽ എസ്.സി / എസ്.ടി, ഒ.ഇ.സി വിഭാഗങ്ങൾക്കും ജനറൽ വിഭാഗത്തിനും ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷിക്കാം. ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ്, ഓപ്പറേഷൻസ്, ലോജിസ്റ്റിക്സ്, ബിസിനസ് അനലിറ്റിക്സ് എന്നിവയിൽ സ്പെഷ്യലൈസേഷന് അവസരമുണ്ട്. ഫിഷറീസ് വിഭാഗക്കാർക്കും എസ്.സി / എസ്.ടി, ഒ.ഇ.സി, ഒ.ബി.സി വിദ്യാർത്ഥികൾക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ലഭിക്കും. വിലാസം ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി പുന്നപ്ര, അക്ഷരനഗരി വാടയ്ക്കൽ പി.ഒ, ആലപ്പുഴ 688003, ഫോൺ: 0477 2267602, 9188067601, 9946488075, 9747272045, www.imtpunnapra.org



# ഹൈസ്കൂളുകളിൽ എറൈസ് പദ്ധതി

**കൊച്ചി:** കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയെ ആഗോള നിലവാരത്തിലേക്ക് ഉയർത്താനുള്ള ശ്രമങ്ങൾക്ക് ഊർജം പകർന്ന സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി പൊതുവിദ്യാഭ്യാസ വകുപ്പ് എറൈസ് പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന 16 പദ്ധതികളിൽ ഐ.ടി സാങ്കേതികവിദ്യക്ക് കൂടുതൽ പ്രാധാന്യമുള്ളതും കൈറ്റിന്റെ നേതൃത്വത്തിൽ ഹൈസ്കൂളുകളിൽ നടപ്പിലാക്കുന്നതുമായ നാല് പ്രധാന പദ്ധതികൾക്കും ഇതോടെ തുടക്കമായി. അഡ്വാൻസ്ഡ് റോബോട്ടിക് കിറ്റുകൾ സജ്ജമാക്കി ഹൈസ്കൂളുകളിൽ സ്ഥാപിക്കുന്ന പദ്ധതിയുടെ മാർഗ്ഗരേഖ ഹൈസ്കൂൾ പ്രഥമാധ്യപകരുടെ ഏകദിനശില്പശാല ഓൺലൈനായി ഉദ്ഘാടനം ചെയ്ത ചടങ്ങിൽ പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ. ഷംസുദീൻ തിരുവനന്തപുരത്ത് പ്രകാശനം ചെയ്തു.

കൈറ്റിന്റെ നേതൃത്വത്തിൽ അഡ്വാൻസ്ഡ് റോബോട്ടിക് കിറ്റുകൾ സജ്ജമാക്കി മൈക്രോകൺട്രോളർ ബോർഡുകൾ, സെൻസറുകൾ, മോട്ടോറുകൾ തുടങ്ങിയവയുടെ സഹായത്താൽ കാഴ്ചപരിമിതർക്കുള്ള സ്മാർട്ട് വാക്കിംഗ് സ്റ്റിക്ക്, പാചകവാതക ചോർച്ച അറിയാനുള്ള ഗ്യാസ് ഡിറ്റക്ടർ, ഫെയ്സ് റെക്കഗ്നിഷൻ ഉള്ള എ.ഐ സ്മാർട്ട് ഡോർ ലോക്കുകൾ എന്നിവയുടെ പ്രോട്ടോടൈപ്പുകൾ നിർമ്മിക്കുന്നതിന് സഹായകമായ എറൈസ് പദ്ധതി ഉൾപ്പെടെ പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ ഫലപ്രദമായി നടപ്പിലാക്കണമെന്ന് ശില്പശാലയിൽ മന്ത്രി അഭിപ്രായപ്പെട്ടു.

പ്രൈമറി വിഭാഗം ഉൾപ്പെടെ വിദ്യാർത്ഥികളുടെ സ്വയം പഠനത്തിനും ഡിജിറ്റൽ ഡിവൈഡ് ഇല്ലാതാക്കുന്നതിനും സ്കൂളുകളിൽ സജ്ജമാക്കുന്ന ഡിജിറ്റൽ പഠന സൗകര്യമായ ഡിജിറ്റൽ സ്ക്വയർ, കുട്ടികളുടെ അക്കാദമിക ശേഷിയും പുരോഗതിയും കൃത്യമായി ട്രാക്ക് ചെയ്യാനും രക്ഷിതാക്കൾക്ക് വിവരങ്ങൾ ലഭ്യമാക്കാനും പിന്നാക്കം പോകുന്ന കുട്ടികൾക്ക് തിരുത്തൽ ബോധനം ഉറപ്പാക്കാനുമുള്ള അക്കാദമിക മോണിറ്ററിംഗ് പ്ലാറ്റ്ഫോമായ താരാപഥം, സ്കൂളുകളുടെ വിവരങ്ങളും മികവുകളും സമയബന്ധിതമായി പങ്കുവെയ്ക്കുന്നതിന് വിക്കിപീഡിയ മാതൃകയിൽ സജമാക്കിയ സ്കൂൾവിക്ക് അപ്ഡേഷൻ കാമ്പയിൻ ആയ സ്കൂൾ വിക്കിത്തോൺ എന്നീ പദ്ധതികളും ഇന്നത്തെ കാലത്ത് അടിയന്തരമായി നടപ്പാക്കേണ്ട സൈബർ സുരക്ഷാ പ്രോട്ടോക്കോൾ2026 ഉം സ്കൂളുകളിൽ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയും നിർദേശങ്ങളും വിദ്യാഭ്യാസമന്ത്രി യോഗത്തിൽ വ്യക്തമാക്കി.

ശില്പശാലയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ. ഡി.സജിത് ബാബു ഐ.എ.എസ്, പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്നേഹിൽകുമാർ സിങ്ങ് ഐ.എ.എസ്, കൈറ്റ് സി.ഇ.ഒ കെ. അൻവർസാദത്ത് തുടങ്ങിയവർ പങ്കെടുത്തു.

# നഗരത്തിൽ വെള്ളക്കെട്ട് ഒഴിവാക്കാൻ കർശന നടപടി




**കൊച്ചി:** നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി നിർണായക തീരുമാനങ്ങളുമായി 'ഓപ്പറേഷൻ ബ്രേക്ക്ത്രൂ' അവലോകന യോഗം. ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ അധ്യക്ഷതയിൽ കളക്ടറുടെ ക്യാമ്പ് ഓഫീസിൽ ചേർന്ന യോഗത്തിൽ ഓപ്പറേഷൻ ബ്രേക്ക്ത്രൂ, മുല്ലശ്ശേരി കനാൽ നവീകരണം എന്നിവയുടെ പുരോഗതി സമഗ്രമായി വിലയിരുത്തി. നഗരത്തിലെ വിവിധ കനാലുകളുടെ


പുനരുദ്ധാരണവും വെള്ളക്കെട്ട് പ്രതിരോധ പ്രവർത്തനങ്ങളും ത്വരിതപ്പെടുത്താൻ യോഗത്തിൽ തീരുമാനമായി. മുല്ലശ്ശേരി കനാൽ നവീകരണ പ്രവൃത്തികൾ സെപ്റ്റംബർ ഒന്നിന് പുനരാരംഭിക്കാനും മാർച്ച് മാസത്തിനുള്ളിൽ പൂർത്തിയാക്കാനും ജില്ലാ കളക്ടർ നിർദ്ദേശം നൽകി. ടി.പി. കനാലിലെ കനാലിന്റെ മൗത്ത് ക്ലീനിങ് പൂർത്തിയായതായും ഹൈക്കോടതി പരിസരത്തെ വെള്ളക്കെട്ട് പരിഹരിക്കാനുള്ള ജോലികൾ പി.ഡബ്ല്യു.ഡി പൂർത്തിയാക്കിയതായും യോഗം വിലയിരുത്തി. കെ.എസ്.ആർ.ടി.സി ഡിപ്പോ പ്രദേശത്തെ കാനകളിലെ അനധികൃത വേസ്റ്റ് നിക്ഷേപവുമായി ബന്ധപ്പെട്ട് കാനകൾ അടിയന്തിരമായി വൃത്തിയാക്കുവാനും, കാനകൾക്ക് മുകളിൽ പ്രവർത്തിക്കുന്ന കടകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും കൊച്ചി കോർപ്പറേഷൻ അധികൃതർക്ക് നിർദ്ദേശം നൽകി.

നഗരത്തിലെ വിവിധ ഭാഗങ്ങളിലുള്ള വെള്ളക്കെട്ട് പ്രതിരോധ പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. ഇന്ദിരാനഗറിൽ ഷട്ടറുകൾ സ്ഥാപിക്കുകയും, റോഡ് ഉയർത്തുന്നതിനായി ഫണ്ട് അനുവദിച്ച് ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തു. ജോസ് ജങ്ഷനിലെ പ്രശ്നപരിഹാരത്തിനായുള്ള ടെൻഡറിംഗ് നടപടികളും, ടി.ഡി. റോഡിലെ ജെറ്റിംഗ് പ്രവൃത്തികളും പൂർത്തിയായി. എം.ജി. റോഡിലെ സെൻട്രൽ മാൾ പരിസരത്തെ വെള്ളക്കെട്ടിന് അടിയന്തര പരിഹാരം കാണാൻ പി.ഡബ്ല്യു.ഡിക്ക് നിർദ്ദേശം നൽകിയപ്പോൾ, ഇടപ്പള്ളി ഒബ്റോൺ മാൾ പരിസരത്ത് ബോക്സ് കൽവർട്ട് പ്രവൃത്തികൾ പൂർത്തിയായതായി എൻ.എച്ച്.എ.ഐ അറിയിച്ചു. കമ്മട്ടിപ്പാടത്ത് ബോക്സ് കൽവർട്ട് ടെൻഡറിംഗിലുണ്ടായ കാലതാമസത്തിൽ റെയിൽവേയോട് അടിയന്തര റിപ്പോർട്ട് തേടിയിട്ടുണ്ട്.

ശുചിത്വവും മാലിന്യ സംസ്കരണവും ഉറപ്പാക്കാൻ പുതിയ കരാർ നിബന്ധനകളും യോഗത്തിൽ മുമ്പോട്ടുവെച്ചു. ഓടകളും കനാലുകളും വൃത്തിയാക്കുമ്പോൾ നീക്കം ചെയ്യുന്ന എക്കലും ചെളിയും വഴിയോരങ്ങളിൽ കൂട്ടിയിടരുത്. കരാർ നൽകുമ്പോൾ തന്നെ ഇവ സിൽട്ട് യാർഡിലേക്ക് മാറ്റുന്നുണ്ടെന്ന് മൈനർ ഇറിഗേഷനും കൊച്ചി കോർപ്പറേഷനും ഉറപ്പുവരുത്തണം. അതോടൊപ്പം, നിരോധിച്ച സിംഗിൾ യൂസ് പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉറവിടങ്ങൾ കണ്ടെത്തി പരിശോധനകൾ ശക്തമാക്കാനും ലംഘിക്കുന്നവരിൽ നിന്ന് പിഴ ഈടാക്കാനും കൊച്ചി കോർപ്പറേഷൻ സെക്രട്ടറിക്ക് കളക്ടർ നിർദ്ദേശം നൽകി.

# മണ്ടാടി സെപ്റ്റംബർ 4ന്

തമിഴ് നടൻ സൂരി നായകനായി എത്തുന്ന പുതിയ ചിത്രം 'മണ്ടാടി' യുടെ കേരളാ വിതരണാവകാശം സ്വന്തമാക്കി ശ്രീ ഗോകുലം ഗോപാലന്റെ ശ്രീ ഗോകുലം മൂവീസ്. ചിത്രത്തിന്റെ ആഗോള റിലീസ് 2026 സെപ്റ്റംബർ 4 ന് ആണ്. ചിത്രം കേരളത്തിൽ വമ്പൻ റിലീസായാണ് ശ്രീ ഗോകുലം മൂവീസ് എത്തിക്കുക. മതിമാരൻ പുകഴേന്തി സംവിധാനം ചെയ്യുന്ന മണ്ടാടി , സെൽഫിക്ക് ശേഷം അദ്ദേഹം ഒരുക്കുന്ന ചിത്രമാണ്. ആർഎസ് ഇൻഫോടെയ്ൻമെന്റിന്റെ ബാനറിൽ എൽറെഡ് കുമാറാണ് ചിത്രം നിർമ്മിക്കുന്നത്. തെലുങ്ക് താരം സുഹാസ് ആണ് ചിത്രത്തിലെ വില്ലനായി എത്തുന്നത്. ചിത്രത്തിലെ നായികാ വേഷം ചെയ്യുന്നത് മഹിമ നമ്പ്യാർ.






അടുത്തിടെ ചിത്രത്തിലെ ഒരു പ്രമോ ഗാനം പുറത്ത് വരികയും മികച്ച പ്രേക്ഷക ശ്രദ്ധ നേടുകയും ചെയ്തിരുന്നു. ഏറെ സ്റ്റൈലിഷ് ആയി ഒരുക്കിയ ഈ ഗാനത്തിലൂടെ, അണിയറ പ്രവർത്തകർ ചിത്രത്തിന്റെ ആക്ഷൻ മൂഡും പ്രേക്ഷകരിലേക്ക് എത്തിച്ചിട്ടുണ്ട്. കടലോര പശ്ചാത്തലത്തിൽ കഥ പറയുന്ന ആക്ഷൻ ഡ്രാമയായി ആണ് ഈ ചിത്രം ഒരുക്കിയിരിക്കുന്നത്. 100 കിലോമീറ്റർ ദൈർഘ്യമുള്ള തമിഴ്നാട് തീരപ്രദേശത്തു നടക്കുന്ന സവിശേഷമായ കായികയിനത്തെ കേന്ദ്രീകരിച്ചായിരിക്കും ചിത്രം ഒരുങ്ങുന്നത് എന്നാണ് സൂചന. ഈ സെയിലിംഗ് ബോട്ട് മൽസരത്തിലെ, മത്സ്യബന്ധന സംഘത്തിന്റെ നേതാവിന്റെ പേരാണ് മണ്ടാടി.

സൂരിയെ ഏറെ മാസ് ആയി അവതരിപ്പിക്കുന്ന ഒരു ചിത്രം കൂടിയാണിത്. സൂരിയെ കൂടാതെ, പ്രശസ്ത നടൻ സത്യരാജും ഒരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്ന ചിത്രത്തിൽ, മിഥുൻ ജയ് ശങ്കർ, രവീന്ദ്ര വിജയ്, ബാല ശരവണൻ, സ്റ്റൺ ശിവ, കൃതിക ബാലസുബ്രഹ്മണ്യം നിർണ്ണായക വേഷങ്ങൾ ചെയ്യുന്നുണ്ട്. ദേശീയ പുരസ്കാര ജേതാവ് ജി.വി. പ്രകാശ് സംഗീതവും, എസ്.ആർ. കതിർ ഛായാഗ്രഹണവും, പ്രദീപ് ഇ. രാഘവ് എഡിറ്റിംഗും നിർവഹിക്കുന്ന ചിത്രം തമിഴിലും തെലുങ്കിലും ആയാണ് റിലീസ് ചെയ്യുക.

ബാനർഃ ആർഎസ് ഇൻഫോടെയ്ൻമെന്റ്, രചനയും സംവിധാനവുംഃ മതിമാരൻ പുകഴേന്തി, സംഗീത സംവിധായകൻഃ ജി. വി. പ്രകാശ് കുമാർ, നിർമ്മാതാവ്ഃ എൽറെഡ് കുമാർ, ക്രിയേറ്റീവ് പ്രൊഡ്യൂസർഃ വെട്രിമാരൻ, സഹനിർമ്മാതാവ്ഃ വി മണികണ്ഠൻ, ഛായാഗ്രാഹകഃ എസ്. ആർ. കതിർ, എഡിറ്റർഃ പ്രദീപ് ഇ. രാഘവ്, പ്രൊഡക്ഷൻ ഡിസൈനർഃ ഡി ആർ കെ കിരൺ, സ്റ്റണ്ട് ഡയറക്ടർമാർഃ പീറ്റർ ഹെയ്ൻ, ദിലീപ് സുബ്ബരായൻ, മഹേഷ് മാത്യു, സൌണ്ട് ഡിസൈൻഃ പ്രതാപ്, വിഎഫ്എക്സ് ഹെഡ്ഃ ആർ ഹരിഹര സുതൻ, വരികൾഃ പാ വിജയ്, ജയശ്രീ മതിമാരൻ, വഹീസൻ രസയ്യ, സഹരചയിതാവ്: അമീർ ജമാൽ ഖാൻ, അഡീഷണൽ തിരക്കഥ: ആർ മോഹനവാസന്തൻ, തിരൾ ശങ്കർ, കോസ്റ്റ്യൂം ഡിസൈനർഃ ദിനേശ് മനോഹരൻ, നൃത്തസംവിധായകൻഃ അസർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഃ ജി മഹേഷ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്ഃ എസ് പി ചൊക്കലിംഗം, സ്റ്റിൽസ്ഃ ജി ആനന്ദ് കുമാർ,ഡിഐഃ ഇൻഫിനിറ്റി മീഡിയ, കളറിസ്റ്റ്ഃ ശ്രീനാഥ്, ബി മേക്കപ്പ്ഃ എൻ ശക്തിവൽ, സ്പെഷ്യൽ മേക്കപ്പ്ഃ റോണെക്സ് സേവ്യർ, വസ്ത്രാലങ്കാരം: നാഗു, പബ്ലിസിറ്റി ഡിസൈൻഃ എസ്തെറ്റിക് കുഞ്ഞമ്മ, പിആർഒഃ വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ ഡിസ്ട്രിബ്യൂഷൻ പാർട്ണർ : ഡ്രീം ബിഗ് ഫിലിംസ്.





# പുതുമുഖങ്ങൾ കേന്ദ്രകഥാപാത്രങ്ങൾ; കരിമ്പടം

അനസ് സൈനുദ്ദീൻ, തീർഥ ഹരിദേവ്, ജെസൻ ജോസഫ്, അനീഷ് പൊന്നപ്പൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി അംലാദ് ജലീൽ സംവിധാനം ചെയ്യുന്ന കരിമ്പടം ഇന്നുമുതൽ.

സുനിൽ സി.പി, വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ കല ആയൂർ, അജയൻ അഞ്ചൽ, ശരിക സ്റ്റാലിൻ, ജീവൻ നവോദയ, സനോജ് നടയിൽ, ജിബിൻ ജോയ്, അനീഷ് വി. ശിവദാസ്, ഷിബിന അമീർജാൻ, അമ്മവീട്ടിൽ രാജേഷ്, ബിന്ദു ചന്ദ്ര, സാവിത്രി ചേത്തല്ലൂർ, രതീഷ് മീനക്കൽ, ശ്രീകുമാർ മാടവൂർ, സജീന കൊല്ലം, രമ്യ മനോജ്, അഡ്വ. അനിൽകുമാർ, സാബു തിരുമല, റിജാസ് കൊല്ലം, ആർ.കെ. രാജ,അബ്ദുൾ ഖാദർ, ബിനു ബി. ചന്ദ്രൻ, ഗോപകുമാർ അടൂർ, ശ്രീലക്ഷ്മി, കാശിനാഥ് ചന്ദ്രൻ. ആർ, എൻ.കെ. ആർ. മൗലി, സിദ്ധാൻ, ആനന്ദു തേവന്നൂർ, സന്തോഷ് കൊട്ടുക്കൽ, ദിലീപ് ആയൂർ, രശ്മി ഹരി തുടങ്ങിയവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.

നിരവധി ദേശീയഅന്തർദേശീയ അവാർഡുകൾ നേടിയ ഈ ചിത്രത്തിന്റെ കഥ തിരക്കഥ, സംഭാഷണം അനസ് സൈനുദീൻ എഴുതുന്നു. ശ്രീജിത്ത് മനോഹരൻ ഛായാഗ്രഹണം നിർവഹിക്കുന്നു. അനസ് സൈനുദീൻ, ആര്യ അമ്പാട്ട് എന്നിവർ എഴുതിയ വരികൾക്ക് അനസ് സൈനുദീൻ, നിഖിൽ മാധവ് എന്നിവർ സംഗീതം പകരുന്നു.

കല ആൻഡ്മേക്കപ്പ്ഉണ്ണികൃഷ്ണൻ കല, വസ്ത്രാലങ്കാരംജേഷ്മ ഷിനോജ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ അൽ അമീൻ ഷാജഹാൻ, എഡിറ്റർസൂരജ് പ്രഭ, സ്പെഷ്യൽ കട്ട്സ്ഷിഫാസ് പള്ളിക്കൽ, ബിജിഎംശ്രാവൺ കലൈ, സൗണ്ട് ഡിസൈൻകരുണ് പ്രസാദ്, നവാസ് മജീദ്,കളറിസ്റ്റ്സുരേഷ് സി, സൗണ്ട് മിക്സ്രാജേഷ്, പബ്ലിസിറ്റി ഡിസൈൻആരോമൽ ചന്ദ്രൻ, സബ്ടൈറ്റിൽസ്ഗീതാഞ്ജലി ഹരികുമാർ, ഫെസ്റ്റിവൽ ക്യൂറേഷൻ ആൻഡ് സർട്ടിഫിക്കേഷൻ സപ്പോർട്ട് ഹരി ഗീത സദാശിവൻ, മാർക്കറ്റിംഗ് ആൻഡ് കമ്മ്യൂണിക്കേഷൻഗോവിന്ദ് പ്രഭാകർ, വിഎഫ്എക്സ്അജയ് ക്രൂസ്, പിആർഒഎ.എസ്. ദിനേശ്.




# ഡെയർ ഡെവിളുമായി അജിത്ത്; നിർമാണം ശാലിനി

ഗുഡ് ബാഡ് അഗ്ലിക്കുശേഷം അജിത്തും സംവിധായകൻ ആദിക് രവിചന്ദ്രനും ഒരുമിക്കുന്ന പുതിയ ചിത്രം പ്രഖ്യാപിച്ചു. ഡെയർ ഡെവിൾ എന്നു പേരിട്ടിരിക്കുന്ന ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ എത്തി. ബ്രേവ് ഹാർട്ട്സിന്റെ ബാനറിൽ  ശാലിനി അജിത്ത് കുമാർ ആണ് നിർമാണം.

34 വർഷത്തെ സിനിമാജീവിതത്തിൽ ഇതാദ്യമായാണ് അജിത്ത് കുമാർ നിർമാണ രംഗത്തേക്ക് പ്രവേശിക്കുന്നത്. ആദിക് രവിചന്ദ്രൻ തന്നെ രചന നിർവഹിക്കുന്ന ചിത്രത്തിന് അനിരുദ്ധ് രവിചന്ദർ സംഗീതം ഒരുക്കുന്നു. അഭിനന്ദൻ രാമാനുജം ഛായാഗ്രഹണം നിർവഹിക്കുന്നു.

ചിത്രീകരണം ഉടൻ ആരംഭിക്കും. തൂത്തുക്കുടി പശ്ചാത്തലമാക്കിയുള്ള ഒരു റൂറൽ ഡ്രാമയിലായിരിക്കും ചിത്രമെന്ന റിപ്പോർട്ടുകൾ ഉണ്ട്.

ഉയർന്ന പ്രതിഫലം ആവശ്യപ്പെടുന്നത് കാരണം അജിത് സിനിമകൾ ഏറ്റെടുക്കാൻ നിർമാതാക്കൾ തയാറാകുന്നില്ല എന്ന പ്രമുഖ ഫിനാൻസിയറും വിതരണക്കാരനുമായ തിരുപ്പൂർ സുബ്രഹ്മണ്യത്തിന്റെ വാക്കുകൾ തമിഴകത്ത് ചർച്ചയായിരുന്നു. ഏകദേശം 110 മുതൽ 120 കോടി വരെയാണ് അജിത്തിന്റെ പ്രതിഫലം.

# പ്രസവാനന്തര മാനസികാരോഗ്യവും മുലയൂട്ടലും

# കരുതലേകാം അമ്മയ്ക്കും

ഒരു കുഞ്ഞിന്റെ ജനനം ഏതൊരു കുടുംബത്തിലും വലിയ സന്തോഷവും പ്രതീക്ഷകളും കൊണ്ടുവരുന്ന നിമിഷമാണ്. എന്നാൽ അതേ സമയം, പുതിയ അമ്മയുടെ ശരീരത്തിലും മനസ്സിലും ഉണ്ടാകുന്ന വലിയ മാറ്റങ്ങളുടെ കാലഘട്ടം കൂടിയാണിത്. ഒരു കുഞ്ഞ് ജനിക്കുമ്പോൾ പുതിയ രക്ഷിതാക്കൾ കൂടി ജനിക്കുന്നു എന്നാണാലോ പറയാറുള്ളത്. അമ്മമാരുടെയും അവരുടെ കുഞ്ഞുങ്ങളുടെയും മാനസികവും വളർച്ചാപരവുമായ പുരോഗതികളും വൈകാരിക ബന്ധങ്ങളും വളർന്നു വരുന്ന ഈ ഘട്ടത്തിൽ, നാം പ്രത്യേക ശ്രദ്ധയും കരുതലും ഇരുവർക്കും നൽകുന്നതും അതുകൊണ്ടുതന്നെയാണ്.ഓഗസ്റ്റ് 01 മുതൽ 07 വരെ ലോക മുലയൂട്ടൽ വാരം ആചരിക്കുമ്പോൾ, നാം കുഞ്ഞിന്റെ പോഷകാഹാരത്തെക്കുറിച്ച് മാത്രമല്ല സംസാരിക്കേണ്ടത്, മറിച്ച് അത് നൽകുന്ന അമ്മയുടെ മാനസികാരോഗ്യത്തെക്കുറിച്ച് കൂടെയാണ്.



**ദിവ്യ കൃഷ്ണ**
റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ് ആൻഡ് എബിഎ തെറാപ്പിസ്റ്റ്,
പ്രയത്ന, കൊച്ചി

ഒരു കുഞ്ഞിന്റെ ജനനം ഏതൊരു കുടുംബത്തിലും വലിയ സന്തോഷവും പ്രതീക്ഷകളും കൊണ്ടുവരുന്ന നിമിഷമാണ്. എന്നാൽ അതേ സമയം, പുതിയ അമ്മയുടെ ശരീരത്തിലും മനസ്സിലും ഉണ്ടാകുന്ന വലിയ മാറ്റങ്ങളുടെ കാലഘട്ടം കൂടിയാണിത്. ഒരു കുഞ്ഞ് ജനിക്കുമ്പോൾ പുതിയ രക്ഷിതാക്കൾ കൂടി ജനിക്കുന്നു എന്നാണാലോ പറയാറുള്ളത്. അമ്മമാരുടെയും അവരുടെ കുഞ്ഞുങ്ങളുടെയും മാനസികവും വളർച്ചാപരവുമായ പുരോഗതികളും വൈകാരിക ബന്ധങ്ങളും വളർന്നു വരുന്ന ഈ ഘട്ടത്തിൽ, നാം പ്രത്യേക ശ്രദ്ധയും കരുതലും ഇരുവർക്കും നൽകുന്നതും അതുകൊണ്ടുതന്നെയാണ്.

ഓഗസ്റ്റ് 01 മുതൽ 07 വരെ ലോക മുലയൂട്ടൽ വാരം ആചരിക്കുമ്പോൾ, നാം കുഞ്ഞിന്റെ പോഷകാഹാരത്തെക്കുറിച്ച് മാത്രമല്ല സംസാരിക്കേണ്ടത്, മറിച്ച് അത് നൽകുന്ന അമ്മയുടെ മാനസികാരോഗ്യത്തെക്കുറിച്ച് കൂടെയാണ്. പ്രസവാനന്തര മാനസിക ബുദ്ധിമുട്ടുകളും വ്യതിയാനങ്ങളും (പോസ്റ്റ്പാർട്ടം മൂഡ് ഡിസോർഡേഴ്സ്) കുഞ്ഞിനെ മുലയൂട്ടുന്ന അനുഭവവും തമ്മിൽ വളരെ ആഴത്തിലുള്ള ഒരു ബന്ധമുണ്ട്.

### പ്രസവാനന്തര മാനസികാവസ്ഥകൾ: തിരിച്ചറിയേണ്ട യാഥാർത്ഥ്യങ്ങൾ

പ്രസവശേഷം അമ്മമാരിൽ കാണപ്പെടുന്ന മാനസികാരോഗ്യ പ്രശ്നങ്ങളെ പ്രധാനമായും മൂന്നായി തരംതിരിക്കാം:

- **ബേബി ബ്ലൂസ്:** പ്രസവശേഷം ആദ്യത്തെ രണ്ടു ആഴ്ചകളിൽ കാണപ്പെടുന്ന നിസ്സാരമായ മൂഡ് മാറ്റങ്ങൾ, കരച്ചിൽ, ആശങ്ക എന്നിവയാണിത്. ഇത് ഹോർമോൺ വ്യതിയാനങ്ങൾ മൂലം സംഭവിക്കുന്നതും സാധാരണയായി താനേ മാറുന്നതുമാണ്.
- **പോസ്റ്റ്പാർട്ടം ഡിപ്രഷൻ:** പ്രസവാനന്തര വിഷാദരോഗം രണ്ടാഴ്ചയിൽ കൂടുതൽ നീണ്ടുനിൽക്കുകയും, ദൈനംദിന കാര്യങ്ങളെയും കുഞ്ഞിനെ പരിചരിക്കുന്നതിനെയും ബാധിക്കുകയും ചെയ്യുന്നു. കഠിനമായ സങ്കടം, ക്ഷീണം, കുഞ്ഞിനോട് വൈകാരികമായി അടുപ്പം തോന്നാതിരിക്കുക എന്നിവയാണ് ലക്ഷണങ്ങൾ.
- **പോസ്റ്റ്പാർട്ടം ആങ്സൈറ്റി:** കുഞ്ഞിന്റെ ആരോഗ്യത്തെയും സുരക്ഷിതത്വത്തെയും കുറിച്ച് അമിതമായ ഭയവും വേവലാതിയും ഉണ്ടാകുന്ന അവസ്ഥ. തീവ്രമായ അസ്വസ്ഥത, ആശയക്കുഴപ്പം, നിസ്സഹായതാബോധം, മിഥ്യാധാരണകൾ അല്ലെങ്കിൽ ഭ്രമാത്മകമായ കാഴ്ചകൾ, അതിവേഗത്തിലുള്ള സംസാരം, ഉന്മാദാവസ്ഥ എന്നിവയാണ് ലക്ഷണങ്ങൾ.

പ്രസവശേഷം അമ്മയുടെ ശരീരത്തിൽ അടിയന്തിരവും സ്വാഭാവികവുമായ നിരവധി മാറ്റങ്ങൾ സംഭവിക്കുന്നു. പലപ്പോഴും ഈ ശാരീരിക ബുദ്ധിമുട്ടുകൾ അമ്മമാരിൽ കഠിനമായ മാനസിക സമ്മർദ്ദത്തിനും സ്വയം അപകർഷതാബോധത്തിനും കാരണമാകാറുണ്ട്. ശാരീരികമായി ഉണ്ടാകുന്ന അസ്വസ്ഥതകളും ഉറക്കമില്ലായ്മയും അമ്മമാരിൽ മാനസികമായ തളർച്ച ഉണ്ടാക്കുന്നു. സ്വന്തം ശരീരത്തിൽ പെട്ടെന്നുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാൻ കഴിയാതെ വരുന്നത് പ്രസവാനന്തര വിഷാദത്തിന് ആക്കം കൂട്ടാം.

### മുലയൂട്ടലും മാനസികാരോഗ്യവും തമ്മിലുള്ള ബന്ധം

മുലയൂട്ടൽ എന്നത് വെറുമൊരു ശാരീരിക പ്രക്രിയ മാത്രമല്ല, അതിനേക്കാളേറെ വൈകാരികമായ ഒരു അനുഭവമാണ്. കുഞ്ഞിന് അത്യന്താപേക്ഷിതമായ മുലപ്പാൽ നൽകുന്നതിലൂടെ കുഞ്ഞിന്റെ വളർച്ചയ്ക്ക് മാത്രമല്ല, അമ്മയും കുഞ്ഞും തമ്മിലുള്ള ആഴത്തിലുള്ള ബന്ധത്തിന്റെ തുടക്കം കൂടിയാണ് നടക്കുന്നത്. അത് കുഞ്ഞിനും അമ്മക്കും ഇടയിൽ പരസ്പര സ്നേഹത്തിന്റെയും സുരക്ഷിതത്വത്തിന്റെയും അടിത്തറപാകുന്നു. അതുകൊണ്ടെല്ലാം തന്നെ മുലപ്പാൽ എന്നത് കേവലം കുഞ്ഞിനുള്ള ഭക്ഷണത്തേക്കാളുപരി കുഞ്ഞിനെ ഈ ലോകത്തേക്ക് കൈപിടിച്ചുകേറ്റുന്ന അമൃതു കൂടിയാണ്.

### മാനസിക സമ്മർദ്ദവും പാൽ ഉത്പാദനവും

അമ്മ അമിതമായ വിഷാദത്തിലൂടെയോ ഉത്കണ്ഠയിലൂടെയോ കടന്നുപോകുമ്പോൾ, അത് പാലുത്പാദനത്തെയും പാൽ ചുരത്തുന്നതിനെയും പ്രതികൂലമായി ബാധിച്ചേക്കാം. ചില കാരണങ്ങളാൽ മുലയൂട്ടാൻ സാധിക്കാതെ വരികയോ, അസഹനീയമായ വേദന അനുഭവപ്പെടുകയോ ചെയ്യുമ്പോൾ അമ്മമാരിൽ കഠിനമായ കുറ്റബോധം ഉണ്ടാകാറുണ്ട്. ഇത് വിഷാദം കൂട്ടാൻ കാരണമാകുന്നു.

### കുഞ്ഞിന്റെ വളർച്ചയെയും വികാസത്തെയും ഇത് എങ്ങനെ ബാധിക്കുന്നു?

ഒരു കുട്ടിയുടെ ആദ്യകാല വികാസത്തിന് ഏറ്റവും പ്രധാനം അമ്മയും കുഞ്ഞും തമ്മിലുള്ള വൈകാരിക ബന്ധമാണ്. അമ്മ പോസ്റ്റ്പാർട്ടം ഡിപ്രഷനിലൂടെയാണ് കടന്നുപോകുന്നതെങ്കിൽ, കുഞ്ഞിന്റെ പ്രതികരണങ്ങളോട് കൃത്യമായി സംവേദനം നടത്താൻ അമ്മയ്ക്ക് സാധിച്ചേക്കില്ല. ഇത് കുഞ്ഞിന്റെ സാമൂഹിക വൈകാരിക വളർച്ചയെയും ഭാഷാ വികാസത്തെയും സാരമായി ബാധിക്കാം.

അതുകൊണ്ടുതന്നെ പ്രസവാനന്തര വിഷാദം അനുഭവിക്കുന്ന ഒരു അമ്മയ്ക്ക് കൃത്യമായ പിന്തുണയും പുനരധിവാസവും നൽകേണ്ടത് അത്യാവശ്യമാണ്:

1. വൈകാരിക പിന്തുണയും പങ്കാളിയുടെ പങ്കും: അച്ഛന്റെയും കുടുംബാംഗങ്ങളുടെയും പിന്തുണയാണ് ഏറ്റവും പ്രധാനം. മുലയൂട്ടൽ അമ്മയുടെ മാത്രം ഉത്തരവാദിത്തമല്ല, അതിന് അനുയോജ്യമായ അന്തരീക്ഷം ഒരുക്കുക എന്നത് കുടുംബത്തിന്റെ കടമയാണ്.
2. പ്രൊഫഷണൽ കൗൺസിലിംഗ്: വിഷാദത്തിന്റെ ലക്ഷണങ്ങൾ കണ്ടാൽ മടിക്കാതെ ഒരു സൈക്കോളജിസ്റ്റിന്റെയോ കൗൺസിലറുടെയോ സഹായം തേടുക.



3. സ്വയം പരിചരണം: അമ്മയ്ക്ക് ആവശ്യത്തിന് ഉറക്കവും വിശ്രമവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
4. ഫീഡിംഗ് സംബന്ധിച്ച ബോധവൽക്കരണം: മുലയൂട്ടൽ സാധ്യമായില്ലെങ്കിൽ ഫോർമുല ഫീഡിംഗ് തിരഞ്ഞെടുക്കുന്നതിൽ തെറ്റില്ലെന്നും, ഒരു അമ്മ എന്ന നിലയിൽ അതൊരു കുറവോ മോശമോ ആയ കാര്യമല്ലെന്ന് മനസ്സിലാക്കുക.
5. ശാരീരിക മാറ്റങ്ങളെ ഉൾക്കൊള്ളാം: ഒരു കുഞ്ഞിന് ജന്മം നൽകിയ ശേഷം വീണ്ടെടുക്കൽ പ്രക്രിയയിലൂടെ കടന്നുപോകുന്നതിന്റെ സ്വാഭാവിക തെളിവുകളാണ് ശാരീരിക മാറ്റങ്ങളെന്ന് അമ്മമാരെ ഓർമ്മിപ്പിക്കുകയും മനസിലാക്കുകയുമാണ് വേണം. ഈ സമയത്ത് ആവശ്യത്തിന് വിശ്രമവും ശരിയായ പോഷകാഹാരവും വീട്ടുകാരുടെ മാനസിക പിന്തുണയും ഉറപ്പാക്കാം.

ലോക മുലയൂട്ടൽ വാരം ആചരിക്കുന്ന ഈ വേളയിൽ, നാം ഓരോരുത്തരും മനസ്സിലാക്കേണ്ട പ്രധാന കാര്യമാണ് ആരോഗ്യമുള്ള ഒരു അമ്മയ്ക്ക് മാത്രമേ ആരോഗ്യമുള്ള ഒരു കുഞ്ഞിനെ വളർത്താൻ സാധിക്കൂ എന്നത്. അമ്മയുടെ ശാരീരിക ആരോഗ്യം പോലെ തന്നെ മാനസികാരോഗ്യവും സംരക്ഷിക്കപ്പെടുമ്പോഴാണ് മുലയൂട്ടൽ എന്നത് പൂർണ അർത്ഥത്തിൽ വിജയകരമാകുന്നത്.

പ്രസവാനന്തര വിഷാദവും ഉത്കണ്ഠയും ഒരു വ്യക്തിയുടെ കുറ്റമല്ല, മറിച്ച് കൃത്യമായ പരിചരണത്തിലൂടെ മാറ്റാവുന്ന ഒരു വൈദ്യശാസ്ത്ര അവസ്ഥ മാത്രമാണ്. അതിനാൽ, പുതിയ അമ്മമാരെ കുറ്റപ്പെടുത്തുന്നതിന് മുമ്പ്, അവരെ കേൾക്കാനും പിന്തുണയ്ക്കാനും സമയം കണ്ടെത്താം. അമ്മയുടെ മാനസികാരോഗ്യം ഉറപ്പാക്കുന്നതിലൂടെ മാത്രമാണ് ഒരു കുഞ്ഞിന്റെ പൂർണ്ണമായ വളർച്ചയും വികാസവും സാധ്യമാക്കാൻ കഴിയുന്നത് എന്ന് എപ്പോഴും ഓർക്കാം.



# റീഗൽ ജ്വല്ലേഴ്സ് ചെന്നൈ ഷോറൂം തുറന്നു

**ചെന്നൈ:** ദക്ഷിണേന്ത്യയിലെ പ്രമുഖ സ്വർണാഭരണ നിർമാതാക്കളും ഹോൾസെയിലർമാരുമായ റീഗൽ ജ്വല്ലേഴ്സിന്റെ തമിഴ്നാട്ടിലെ ആദ്യ ഷോറൂം ചെന്നൈ ടി നഗറിലെ നോർത്ത് ഉസ്മാൻ റോഡിൽ പ്രവർത്തനമാരംഭിച്ചു. തമിഴ്നാട് നിയമസഭാ സ്പീക്കർ ജെ.സി.ഡി. പ്രഭാകർ ഉദ്ഘാടനം നിർവഹിച്ചു. വി.എം.എസ്. മുസ്തഫ എംഎൽഎ, റീഗൽ ജ്വല്ലേഴ്സ് ചെയർമാൻ ടി.കെ. ശിവദാസൻ, എംഡിയും സിഇഒയുമായ വിബിൻ ശിവദാസ് എന്നിവർ പങ്കെടുത്തു.

നിർമാതാക്കളിൽനിന്നു നേരിട്ട് ഹോൾസെയിൽ വിലയിൽ ഉപഭോക്താക്കൾക്ക് ആഭരണങ്ങൾ ലഭ്യമാക്കുന്ന 'മാനുഫാക്ചറർ ഡയറക്ട്' മോഡലാണ് റീഗൽ തമിഴ്നാട്ടിലും അവതരിപ്പിക്കുന്നത്. കേരളത്തിലും കർണാടകത്തിലും വിശ്വാസ്യത നേടിയ ബ്രാൻഡിൻറെ തമിഴ്നാട്ടിലേക്കുള്ള ചുവടുവയ്പിനോടനുബന്ധിച്ച് 'റീഗൽ സുമംഗലി നേർമൈ വിഴ' എന്ന സാമൂഹിക പ്രതിബദ്ധതാപദ്ധതിക്കും തുടക്കമിട്ടു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 25 അർഹരായ ജോടികളുടെ വിവാഹം നടത്തിക്കൊടുക്കുന്നതാണു പദ്ധതി.

പുതുച്ചേരിയിലും തുടർന്ന് തമിഴ്നാട്ടിലെ മറ്റു പ്രധാന നഗരങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കാൻ റീഗൽ ജ്വല്ലേഴ്സിനു പദ്ധതിയുണ്ട്.



# ലൊജിസോൺ ലോജിസ്റ്റിക് പാർക്ക് ഉദ്ഘാടനം ചെയ്തു

**കൊട്ടാരക്കര:** എറണാകുളം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന അരിക്കാർ ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ കൊട്ടരക്കര പവിത്രേശ്വരത്തുള്ള ലൊജിസോൺ ലോജിസ്റ്റിക് പാർക്ക് അഡ്വ. തോമസ് വർഗീസ് ഉദ്ഘാടനം ചെയ്തു. പവിത്രേശ്വരം പഞ്ചായത്തംഗം ആർ. രിജു അധ്യക്ഷത വഹിച്ചു. അരിക്കാർ ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാൻ പവിഴം ജോർജ്, പവിത്രേശ്വരം പഞ്ചായത്ത് വൈസ് പ്രസിഡൻറ് വർഗീസ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ലൊജിസോൺ ലോജിസ്റ്റിക് പാർക്ക് പ്രൈവറ്റ് ലിമിറ്റഡ് അരിക്കാർ ഗ്രൂപ്പിന്റെ വിപുലീകരണത്തിന്റെ ഭാഗമായിട്ടാണ് ആരംഭിച്ചിരിക്കുന്നത്. ആധുനിക ഗതാഗത സംഭരണ സൗകര്യങ്ങൾ, ഡിജിറ്റിൽ ഇൻവെന്ററി മാനേജ്മെൻറ്, പ്രദേശിക വിതരണ ശൃംഖലയുമായുള്ള ഏകീകൃത ബന്ധം എന്നിവ പാർക്കിന്റെ പ്രത്യേകതകളാണ്. പുതിയ ലോജിസ്റ്റിക് പാർക്ക് വഴി വിതരണ ശേഖരണ ശൃംഖലയിൽ കാര്യക്ഷമത വർധിപ്പിക്കാനും സമയബന്ധിതമായ വിതരണം ഉറപ്പാക്കാനും ലക്ഷ്യമിടുന്നു.

# ഓക്സിജനിൽ ന്യൂജെൻ ഓണം ഓഫർ

**കോട്ടയം:** ദക്ഷിണേന്ത്യയിലെ പ്രമുഖ ഡിജിറ്റൽ റീട്ടെയിൽ ശൃംഖലയായ ഓക്സിജൻ ദ ഡിജിറ്റൽ എക്സ്പേർട്ടിന്റെ ഷോറൂമുകളിൽ 30 കോടി രൂപയുടെ സമ്മാനങ്ങളും ആനുകൂല്യങ്ങളുമായി ഓക്സിജനിൽ ന്യൂജൻ ഓണം ഓഫർ ആരംഭിച്ചു.

ഓണം ഓഫറുകളുടെ ഭാഗമായുള്ള പ്രീ ഓണം സെയിലിൽ 10 വരെപ്രത്യേക ഓഫറിൽ ഡിജിറ്റൽ ഉത്പന്നങ്ങളും ഗൃഹോപകരണങ്ങളും വൻ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് വാങ്ങാം.

8999 രൂപ മുതൽ മൊബൈൽ ഫോണുകൾ ലഭ്യമാണ്. മൊബൈൽ ഫോണുകളോടൊപ്പം 15,000 രൂപ വിലമതിക്കുന്ന ഗാഡ്ജെറ്റുകൾ സ്വന്തമാക്കാം. പൊട്ടിയതോ കേടായതോ ആയ മൊബൈൽ ഫോണുകൾക്ക് 1000 രൂപ വരെ എക്സ്ചേഞ്ച് ബോണസും ഓക്സിജൻ നൽകുന്നുണ്ട്.




കോട്ടയം ചങ്ങനാശ്ശേരി കെജിഎ മാളിൽ പുതിയ ലുലു ഹൈപ്പർമാർക്കറ്റ് യാഥാർത്ഥ്യമാക്കുന്നതിനുള്ള ധാരണാപത്രത്തിൽ (ലെറ്റർ ഓഫ് ഇന്റന്റ്) ലുലു തിരുവനന്തപുരം തമിഴ്നാട് ഡയറക്ടർ ജോയ് ഷഡാനന്ദൻ, കെ.ജിഎ ഗ്രൂപ്പ് ഡയറക്ടർ ആൻഡ് സിഇഒ കെ.സി ഈപ്പൻ എന്നിവർ ചേർന്ന് ഒപ്പുവയ്ക്കുന്നു. ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി, കെജിഎ ഗ്രൂപ്പ് ചെയർമാൻ കെ.ജി എബ്രഹാം എന്നിവർ സമീപം.

# മധ്യകേരളത്തിൽ സാന്നിദ്ധ്യം കൂടുതൽ വിപുലമാക്കാനൊരുങ്ങി ലുലു; കോട്ടയം ചങ്ങനാശ്ശേരി കെ.ജി.എ മാളിൽ പുതിയ ലുലു ഹൈപ്പർമാർക്കറ്റ് വരുന്നു

## കെ. ജി. എ ഗ്രൂപ്പുമായി ലുലു ധാരണാപത്രം ഒപ്പുവച്ചു

**കൊച്ചി:** റീട്ടെയ്ൽ സേവനം മധ്യകേരളത്തിൽ കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി, കോട്ടയത്ത് രണ്ടാമത്തെ ഹൈപ്പർമാർക്കറ്റ് കൂടി യാഥാർത്ഥ്യമാക്കാനൊരുങ്ങി ലുലു ഗ്രൂപ്പ്. ചങ്ങനാശ്ശേരിയിൽ ഉയരുന്ന കെ.ജി.എ മാളിലാണ് 50,000 സ്ക്വയർ ഫീറ്റിലുള്ള ലുലു ഹൈപ്പർമാർക്കറ്റ് നിർമ്മിക്കുക. ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി, കെജിഎ ഗ്രൂപ്പ് ചെയർമാൻ കെ.ജി എബ്രഹാം എന്നിവരുടെ സാന്നിദ്ധ്യത്തിൽ ലുലു തിരുവനന്തപുരം തമിഴ്നാട് ഡയറക്ടർ ജോയ് ഷഡാനന്ദൻ, കെ.ജി എ ഗ്രൂപ്പ് ഡയറക്ടർ ആൻഡ് സിഇഒ കെ.സി ഈപ്പൻ എന്നിവർ ചേർന്ന് ഇത് സംബന്ധിച്ചുള്ള ധാരണാപത്രത്തിൽ (ലെറ്റർ ഓഫ് ഇന്റന്റ്) ഒപ്പുവച്ചു.

കോട്ടയത്തിനും സമീപമുള്ള പത്തനംത്തിട്ട, ആലപ്പുഴ, കൊല്ലം ജില്ലയിലെ ഉപഭോക്താകൾക്കും ഏറെ സൗകര്യപ്രദമാകും ചങ്ങനാശ്ശേരിയിലെ ലുലു ഹൈപ്പർമാർക്കറ്റ്. 550ലേറെ പുതിയ തൊഴിവസരം കൂടിയാണ് ഒരുങ്ങുന്നത്.

മധ്യകേരളത്തിൽ സേവനം കൂടുതൽ വിപുലമാക്കാനുള്ള ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലിയുടെ വീക്ഷണത്തിന്റെ പ്രതിഫലനമാണ് പുതിയ ചുവടുവയ്പ്പെന്നും പ്രദേശിക വികസനത്തിനൊപ്പം കൂടുതൽ തൊഴിലവസരം കൂടിയാണ് യാഥാർത്ഥ്യമാകുകയെന്നും ലുലു തിരുവനന്തപുരം തമിഴ്നാട് ഡയറക്ടർ ജോയ് ഷഡാനന്ദൻ പറഞ്ഞു. കോട്ടയം നാട്ടകത്തെ ലുലു ഹൈപ്പർമാർക്കറ്റിന് ഉപഭോക്താക്കളിൽ നിന്ന് ലഭിച്ച മികച്ച പിന്തുണയാണ് പുതിയ പദ്ധതിക്ക് വേഗതപകർന്നതെന്നും അദേഹം വ്യക്തമാക്കി.


ലുലു ഗ്രൂപ്പുമായി സഹകരിക്കാനായതിൽ ഏറെ സന്തോഷമുണ്ടെന്നും മധ്യകേരളത്തിന്റെ വികസനത്തിന് വലിയ കരുത്തേകുന്നതാണ് പദ്ധതിയെന്നും കെ.ജിഎ ഗ്രൂപ്പ് ഡയറക്ടർ ആൻഡ് സിഇഒ കെ.സി ഈപ്പൻ വ്യക്തമാക്കി.

കെ.ജി എബ്രഹാം ചെയർമാനമായ കുവൈത്ത് ആസ്ഥാനമായുള്ള കെ.ജി.എ ഗ്രൂപ്പിന്റെ കെ.ജി.എ മാളിൽ, ലുലു ഹൈപ്പർമാർക്കറ്റിന് പുറമേ അന്താരാഷ്ട്ര റീട്ടെയ്ൽ ബ്രാൻഡ് ഷോറൂമുകൾ, റെസ്റ്റോറന്റുകൾ, കഫേകൾ, ലക്ഷ്വറി ഹോട്ടൽ, ബാങ്ക്വറ്റ് ഹാൾ, വിനോദകേന്ദ്രങ്ങൾ തുടങ്ങിയവും ഉണ്ടാകും. മികച്ച പാർക്കിംഗ് സൗകര്യത്തോടെയാണ് മാൾ ഉയരുന്നത്. കുവൈത്ത് ആസ്ഥാനമായുള്ള കെജിഎ ഗ്രൂപ്പിന് കേരളത്തിൽ മികച്ച പ്രൊജക്റ്റുകളാണ് ഉള്ളത്. കൊച്ചി ക്രൗൺ പ്ലാസ, തിരുവല്ലയിലെ കെ.ജി.എ. എലൈറ്റ് കോണ്ടിനെന്റൽ ഹോട്ടൽസ് അടക്കം നിരവധി പദ്ധതികളാണ് കേരളത്തിൽ കെജിഎ ഗ്രൂപ്പിനുള്ളത്. കെജിഎ മാൾ അടക്കം പത്ത് പുതിയ പദ്ധതികൾ കൂടി സംസ്ഥാനത്ത് കെജിഎ ഗ്രൂപ്പ് നടപ്പാക്കുന്നുണ്ട്.

ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ എം.എ അഷറഫ് അലി, ലുലു ഇന്ത്യ ഡയറക്ടർ ആൻഡ് സിഇഒ എം.എ നിഷാദ്, ലുലു ഇന്ത്യ ഡയറക്ടർ ആൻഡ് സിഒഒ ഫഹാസ് അഷറഫ്, എൻബിടിസി ആൻഡ് കെജിഎ ഗ്രൂപ്പ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ബെൻസൻ വർഗീസ് എബ്രഹാം, കെജിഎ ഗ്രൂപ്പ് ഫിനാൻസ് ആൻഡ് ബിസിനസ് സപ്പോർട്ട് ഡയറക്ടർ വിനോദ് കുമാർ പുളിക്കൽ, ക്രൗൺ പ്ലാസ കൊച്ചി ജനറൽ മാനേജർ ദിനേഷ് റായ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# പ്രീപെയ്ഡ് ഉപഭോക്താക്കൾക്കായി സ്പോട്ടിഫൈ പ്രീമിയം അവതരിപ്പിച്ച് വി

**കൊച്ചി:** വോഡഫോൺ ഐഡിയ പ്രീപെയ്ഡ് ഉപഭോക്താക്കൾക്കായി സ്പോട്ടിഫൈ പ്രീമിയം സൗജന്യമായി നൽകുന്ന മൂന്ന് പുതിയ പ്ലാനുകൾ അവതരിപ്പിച്ചു. ഡിജിറ്റൽ രംഗത്ത് സജീവമായ യുവതലമുറയെ ലക്ഷ്യമിട്ടാണ് ഒറ്റ റീചാർജിൽ ഡാറ്റയും വിനോദവും സംഗീതവും ഉൾപ്പെടുത്തിയിട്ടുള്ള ഈ പ്ലാനുകൾ കമ്പനി പുറത്തിറക്കിയിരിക്കുന്നത്. പരസ്യങ്ങളില്ലാത്ത സംഗീതം, ഓഫ് ലൈൻ ഡൗൺലോഡുകൾ, മികച്ച ഓഡിയോ നിലവാരം എന്നിവ ഉറപ്പാക്കുന്ന സ്പോട്ടിഫൈ പ്രീമിയം ലഭ്യമാകുന്ന കുറഞ്ഞ നിരക്കിലുള്ള പ്രീപെയ്ഡ് പ്ലാനുകളാണിവ.




കൂടുതൽ ഡാറ്റയും വിനോദവും ആഗ്രഹിക്കുന്നവർക്കായുള്ള 435 രൂപയുടെ ഫ്ളാഗ്ഷിപ്പ് പ്ലാനിൽ സ്പോട്ടിഫൈ പ്രീമിയത്തിന് പുറമെ അൺലിമിറ്റഡ് 4ജി/5ജി ഡാറ്റ, അൺലിമിറ്റഡ് കോളുകൾ, പ്രതിദിനം 100 എസ്എംഎസ്, ജിയോഹോട്ട്സ്റ്റാർ (മൊബൈൽ) എന്നിവ ലഭിക്കും. ഇതിന്റെ കാലാവധി 28 ദിവസമാണ്.

28 ദിവസത്തെ കാലാവധിയുള്ള 250 രൂപയുടെ പ്രീപെയ്ഡ് പ്ലാനിൽ 2ജിബി ഡാറ്റ, അൺലിമിറ്റഡ് കോളുകൾ, 300 എസ്എംഎസ് എന്നിവയോടൊപ്പം സ്പോട്ടിഫൈ പ്രീമിയം സൗജന്യമായി ലഭിക്കുന്നു.

230 രൂപയുടെ ആഡ്ഓൺ ടോപ്പ് അപ്പ് പ്ലാനിൽ സ്പോട്ടിഫൈ പ്രീമിയത്തിന് പുറമെ ജിയോഹോട്ട്സ്റ്റാർ, സീ5, സോണീലിവ്, ഫാൻ കോഡ്, ലയൺസ്ഗേറ്റ് പ്ലേ തുടങ്ങി 20ലധികം ഒടിടി പ്ലാറ്റ്ഫോമുകൾ ലഭിക്കും. ഇതിനുപുറമെ 28 ദിവസത്തെ കാലാവധിയിൽ 30ജിബി അതിവേഗ ഡാറ്റയും ഈ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# റബർ കർഷകർക്കായി ബോധവൽക്കരണ വീഡിയോ പരമ്പരയുമായി ഇൻറോഡും റബർ ബോർഡും

**കൊച്ചി:** വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഇൻറോഡ് പദ്ധതിയിലുൾപ്പെട്ട റബർ കൃഷി വിജയകരമായി പൂർത്തിയാകുന്ന സാഹചര്യത്തിൽ അടുത്ത ഘട്ടം ആരംഭിക്കുന്നതിനു മുന്നോടിയായി മികച്ച റബർ ഉൽപ്പാദനത്തിനും സംസ്കരണത്തിനുമായി ബോധവൽക്കരണ വീഡിയോ പരമ്പര പുറത്തിറക്കി. ഇൻറോഡ്, റബർ ബോർഡ് എന്നിവയുടെ സംയുക്ത സംരംഭമായ 'ഐസ്പീഡ്' (ഇൻറോഡ് സ്കില്ലിംഗ് ആൻഡ് പ്രൊഡക്ഷൻ എഫിഷ്യൻസി എൻഹാൻസ്മെന്റ് ഡ്രൈവ്) പദ്ധതിയുടെ ഭാഗമായാണ് 150 കോടി രൂപയുടെ ഈ സമഗ്ര നൈപുണ്യ വികസന പരിപാടി നടപ്പിലാക്കുന്നത്. മൂന്ന് ലക്ഷത്തോളം റബർ കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

റബർ ടാപ്പിങ്, റെയിൻ ഗാർഡിങ്, ഗ്രേഡിങ്, ഷീറ്റ് നിർമ്മാണം, ശാസ്ത്രീയ സ്മോക്ക് ഹൗസുകൾ എന്നിവ പ്രതിപാദിക്കുന്ന വീഡിയോ പരമ്പര റബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ പുറത്തിറക്കി. റബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. സിജു ടി. നായർ, റബർ ബോർഡ് ഉദ്യോഗസ്ഥർ, ടയർ വ്യവസായ പ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

കർഷകരിലേക്ക് വിവരങ്ങൾ വേഗത്തിൽ എത്തിക്കുന്നതിനായി മലയാളം, അസമീസ്, ബംഗാളി, ഹിന്ദി എന്നീ നാല് ഭാഷകളിലാണ് വീഡിയോകൾ തയ്യാറാക്കിയിരിക്കുന്നത്. റബർ ബോർഡിന്റെയും റബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സാങ്കേതിക സഹായത്തോടെ ആനിമേഷനും തത്സമയ ദൃശ്യങ്ങളും സമന്വയിപ്പിച്ചാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും റബറിന് മികച്ച വില ഉറപ്പാക്കാനും ഈ ബോധവൽക്കരണം സഹായിക്കുമെന്ന് ഇൻറോഡ് പ്രോജക്ട് ചെയർമാൻ മോഹൻ കുര്യൻ, ആത്മ സപ്ലൈ ചെയിൻ ഗ്രൂപ്പ് കൺവീനർ സഞ്ജീവ് സക്സേന, പ്രോജക്ട് കോർഡിനേറ്റർ മുരളിഗോപാൽ എന്നിവർ വ്യക്തമാക്കി.

അപ്പോളോ ടയേഴ്സ്, സിഎടി, ജെകെ ടയർ, എംആർഎഫ് എന്നീ മുൻനിര കമ്പനികളുടെ പിന്തുണയോടെ വടക്കുകിഴക്കൻ ഇന്ത്യയിലെ 113 ജില്ലകളിലായി 1.8 ലക്ഷം ഹെക്ടറിലാണ് ഇൻറോഡ് പദ്ധതി വഴി പുതിയ റബർ തോട്ടങ്ങൾ നിർമ്മിക്കുന്നത്.




**ജന്മനാ ഹൃദ്രോഗങ്ങളും റുമാറ്റിക് ഹൃദ്രോഗവും ബാധിച്ച ഒഡിഷയിലെ കുട്ടികൾക്ക് സൗജന്യമായി ഹൃദ്രോഗ ചികിത്സ ലഭ്യമാക്കുന്നതിനുള്ള ധാരണാ പത്രം ഒഡിഷ ആരോഗ്യ മന്ത്രി ഡോ. മുകേഷ് മഹാലിംഗിന്റെയും ആരോഗ്യകുടുംബക്ഷേമ വകുപ്പ് കമ്മീഷണറും സെക്രട്ടറിയുമായ എസ്.അശ്വതി ഐഎഎസിന്റെയും സാന്നിധ്യത്തിൽ, അമൃത ആശുപത്രിയിലെ പീഡിയാട്രിക് ആൻഡ് അഡൾട്ട് കോൺജെനിറ്റൽ ഹാർട്ട് സർജറി വിഭാഗം ക്ലിനിക്കൽ പ്രൊഫസർ ഡോ. പി.കെ.ബ്രിജേഷും ദേശീയ ആരോഗ്യ ദൗത്യം ഒഡിഷ ഡയറക്ടർ ഡോ.ഡി.ബൃന്ദ ഐഎഎസസും തമ്മിൽ ഒപ്പിട്ടപ്പോൾ**

## കുട്ടികൾക്ക് സൗജന്യ ഹൃദ്രോഗ ചികിത്സ

# അമൃത ആശുപത്രിയും ഒഡിഷ സർക്കാരും ധാരണാപത്രം ഒപ്പുവെച്ചു

**കൊച്ചി:** ആതുര സേവന രംഗത്ത് രാജ്യത്ത് ഒട്ടേറെ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച്ചവച്ചിട്ടുള്ള അമൃത ആശുപത്രി വീണ്ടും ശ്രദ്ധേയമായ കാൽവയ്പ്പുമായി മുന്നോട്ട് വന്നിരിക്കുന്നു. ഒഡിഷ സർക്കാർ റഫർ ചെയ്യുന്ന 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് അമൃത ആശുപത്രി സൗജന്യ ഹൃദയ പരിശോധന, ശസ്ത്രക്രിയയ്ക്ക് മുമ്പുള്ള വിലയിരുത്തൽ, ഹൃദയ ശസ്ത്രക്രിയ, കത്തീറ്റർ അധിഷ്ഠിത ചികിത്സ, മരുന്നുകൾ, ആശുപത്രിവാസം, ശസ്ത്രക്രിയാനന്തര ചികിത്സ, തുടർപരിചരണം എന്നിവ പൂർണമായും സൗജന്യമായി നൽകും. ജന്മനാ ഹൃദ്രോഗങ്ങളും റുമാറ്റിക് ഹൃദ്രോഗവും ബാധിച്ച കുട്ടികൾക്കാണ് സമഗ്രമായ സൗജന്യ ഹൃദ്രോഗ ചികിത്സ ലഭ്യമാക്കുക.ഇതിനായി ഒഡിഷ സർക്കാരും കൊച്ചി അമൃത ആശുപത്രിയും തമ്മിൽ ധാരണാപത്രം ഒപ്പുവെച്ചു.ഒഡിഷ ആരോഗ്യകുടുംബക്ഷേമ മന്ത്രി ഡോ.മുകേഷ് മഹാലിംഗ്, ആരോഗ്യകുടുംബക്ഷേമ വകുപ്പ് കമ്മീഷണറും സെക്രട്ടറിയുമായ എസ്.അശ്വതി ഐഎഎസ്. എന്നിവരുടെ സാന്നിധ്യത്തിൽ ഭുവനേശ്വറിലെ ഖരവേല ഭവനിൽ നടന്ന ചടങ്ങിൽ ഓഡിഷ ആരോഗ്യകുടുംബക്ഷേമ വകുപ്പിന് വേണ്ടി ദേശീയ ആരോഗ്യ ദൗത്യം (നാഷണൽ ഹെൽത്ത് മിഷൻ) ഡയറക്ടർ ഡോ. ഡി.ബൃന്ദ ഐഎഎസ്സും അമൃത ആശുപത്രിക്കു വേണ്ടി പീഡിയാട്രിക് ആൻഡ് അഡൾട്ട് കോൺജെനിറ്റൽ ഹാർട്ട് സർജറി വിഭാഗം ക്ലിനിക്കൽ പ്രൊഫസർ ഡോ.പി.കെ.ബ്രിജേഷും തമ്മിൽ ഇതിനായി ധാരണാ പത്രത്തിൽ ഒപ്പുവെച്ചു.

ഒഡിഷയിലെ വിവിധ ജില്ലകളിൽ, പ്രത്യേകിച്ച് ചികിത്സാ സൗകര്യങ്ങൾ പരിമിതമായ പ്രദേശങ്ങളിൽ, ഹൃദ്രോഗബാധിതരായ കുട്ടികളെ കണ്ടെത്തുന്നതിനായി ഹൃദ്രോഗ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുമെന്നും, ശിശു ഹൃദ്രോഗങ്ങൾ നേരത്തേ കണ്ടെത്തുന്നതിനും രോഗനിർണയത്തിനും പ്രാഥമിക ചികിത്സ ഉറപ്പാക്കുന്നതിനുമായി ആരോഗ്യപ്രവർത്തകർക്ക് പരിശീലനം നൽകുമെന്നും, സമൂഹത്തിലും പ്രാദേശിക ആരോഗ്യ പ്രവർത്തകരിലും ബോധവൽക്കരണം ശക്തിപ്പെടുത്തുമെന്നും ഡോ.ഡി.ബൃന്ദ ഐഎഎസ് പറഞ്ഞു. അമൃത ആശുപത്രി ഓരോ വർഷവും ഹൃദ്രോഗ നിർണയ ക്യാമ്പുകളിലൂടെ 2,000ത്തിലധികം കുട്ടികളെ നേരിട്ട് പരിശോധിക്കുന്നുണ്ട്. ഇവരിൽ 750ലധികം കുട്ടികൾക്ക് ഹൃദയ ശസ്ത്രക്രിയയോ കത്തീറ്റർ അധിഷ്ഠിത ചികിത്സയോ നൽകുന്നുണ്ട്. സാധാരണയായി രണ്ട് ലക്ഷം മുതൽ നാല് ലക്ഷം രൂപ വരെ ചെലവ് വരുന്ന ഈ ചികിത്സകൾ ഒഡിഷ സർക്കാരുമായുള്ള സഹകരണത്തിലൂടെ സംസ്ഥാനത്തെ കൂടുതൽ കുട്ടികൾക്ക് സൗജന്യമായി ലഭ്യമാക്കാൻ കഴിയുമെന്ന് ഡോ.ആർ.കൃഷ്ണകുമാർ പറഞ്ഞു.

# ക്യൂട്ടിക്യൂറ; പ്രിയ പ്രകാശ് വാര്യർ ബ്രാൻഡ് അംബാസിഡർ




**കൊച്ചി:** പ്രമുഖ പേഴ്സണൽ കെയർ ബ്രാൻഡായ ക്യൂട്ടിക്യൂറ തങ്ങളുടെ ബ്രാൻഡ് അംബാസിഡറായി പ്രിയ പ്രകാശ് വാര്യരെ നിയമിച്ചു. കൊച്ചിയിൽ നടന്ന ചടങ്ങിൽ ക്യൂട്ടിക്യൂറയുടെ രജത ജൂബിലിയും ആഘോഷിച്ചു. കേരളത്തിൽ ഏറെ വിൽക്കപ്പെടുന്ന ബ്രാൻഡാണ് ക്യൂട്ടിക്യൂറയെങ്കിലും യുവ തലമുറയെ കൂടി ബ്രാൻഡിനോട് കൂടുതൽ അടുപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ഉൽപ്പന്ന നിരയും പുതിയ പരസ്യ ചിത്രവും ചടങ്ങിൽ അവതരിപ്പിച്ചു. ബ്രാൻഡ് അംബാസിഡർ പ്രിയ പ്രകാശിനെ മുൻനിറുത്തി ഗോപീ സുന്ദർ സംഗീതം പകർന്ന് പരസ്യ ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് വി.കെ. പ്രകാശാണ്. എട്ട് മണിക്കൂർ വരെ നീളുന്ന ഫ്രാഗ്രൻസ് ലോക്ക് ടെക്നോളജിയുടെ പിൻബലത്തിലാണ് പുതിയ ഉൽപന്നങ്ങൾ അവതരിപ്പിച്ചിരിക്കുന്നതെന്ന് ചോലയിൽ ഗ്രൂപ്പ് സിഎംഡി പ്രദീപ് ചോലയിൽ പറഞ്ഞു. ചടങ്ങിൽ സിഇഒ അനുപം കതേരിയ, മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് രൂപ മുരുദ്കർ എന്നിവരും പങ്കെടുത്തു.




# സാന്റാ മോണിക്ക ഗ്ലോബൽ ഫോറെക്സിന് ആർബിഐ അംഗീകാരം

**കൊച്ചി:** സാന്റാ മോണിക്ക ഗ്ലോബൽ ഫോറെക്സിനു റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) എഡി കാറ്റഗറി2 ലൈസൻസ് അനുവദിച്ചു. ഇതോടെ ഇനി വിദേശത്ത് പഠിക്കുന്ന വിദ്യാർഥികൾക്കും അവരുടെ കുടുംബങ്ങൾക്കും സാന്റാ മോണിക്ക ഗ്ലോബൽ ഫോറെക്സ് വഴി ഏറ്റവും ആകർഷമായ നിരക്കിൽ വിദേശത്തേക്ക് അതിവേഗത്തിലും സുരക്ഷിതമായും പണമയയ്ക്കാനാകും.

വിദേശ പഠനത്തിനായുള്ള ട്യൂഷൻ ഫീസുകൾ, ലിവിംഗ് എക്സ്പെൻസ് (സ്റ്റുഡൻറ് അക്കൗണ്ടുകൾ ഉൾപ്പെടെ), ഫാമിലി മെയിന്റനൻസ് തുടങ്ങി വിവിധ ആവശ്യങ്ങൾക്കുള്ള തുക സാന്റാ മോണിക്ക ഗ്ലോബൽ ഫോറെക്സിലൂടെ വേഗത്തിൽ അയയ്ക്കാനുള്ള സാധ്യതയാണു തുറന്നിരിക്കുന്നത്.

ലോകോത്തര സർവകലാശാലകളുമായും പ്രമുഖ അന്താരാഷ്ട്ര പേയ്മെൻറ് പങ്കാളികളുമായുള്ള സഹകരണമാണ് ഇതിന് വഴിയൊരുക്കുന്നത്. ഇതിലൂടെ വിദ്യാർഥികളുടെ ഫീസ് പേയ്മെൻറുകൾ പൂർണ വിശ്വാസ്യതയോടെയും കൂടുതൽ എളുപ്പത്തിലും കൈകാര്യം ചെയ്യാൻ സ്ഥാപനത്തിനു സാധിക്കും.

വിദ്യാർഥികൾക്കു പുറമേ വിദേശത്തു കഴിയുന്ന ഏതൊരാൾക്കും എളുപ്പത്തിൽ പണമയയ്ക്കാനുള്ള സൗകര്യവും സാന്റാ മോണിക്ക ഗ്ലോബൽ ഫോറെക്സിൽ സജ്ജമാക്കിയിട്ടുണ്ട്.

വിദേശയാത്രകൾക്കാവശ്യമായ ഫോറിൻ കറൻസി എക്സ്ചേഞ്ച്, ഫോറെക്സ് ട്രാവൽ കാർഡ് സേവനങ്ങളും ലഭ്യമാണ്. യുഎസ് ഡോളർ, യൂറോ, ബ്രിട്ടീഷ് പൗണ്ട്, കനേഡിയൻ ഡോളർ, ഓസ്ട്രേലിയൻ ഡോളർ എന്നിവയ്ക്ക് പുറമേ തായ് ഭാത്, ശ്രീലങ്കൻ രൂപ, ഇന്തോനേഷ്യൻ രൂപിയ, വിയറ്റ്നാമീസ് ഡോങ്, റഷ്യൻ റൂബിൾ, ഫിലിപ്പീൻ പെസോ തുടങ്ങിയ പ്രമുഖ കറൻസികളും ഉപയോക്താക്കൾക്കായി ഒരുക്കിയിട്ടുണ്ട്.

നിലവിൽ കൊച്ചി (രവിപുരം), നെടുമ്പാശേരി, തിരുവനന്തപുരം (പട്ടം), തിരുവല്ല, കണ്ണൂർ എന്നിവിടങ്ങളിലെ ശാഖകൾ വഴിയാണ് ഈ സേവനങ്ങൾ ലഭ്യമാകുന്നത്. കേരളത്തിലുടനീളമുള്ള ഉപഭോക്താക്കൾക്ക് ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രത്യേക ക്രമീകരണങ്ങളും ലഭ്യമാണ്. കൂടാതെ, ദക്ഷിണേന്ത്യയിലുടനീളം 50 പുതിയ ശാഖകൾകൂടി ആരംഭിക്കാൻ കമ്പനി ലക്ഷ്യമിടുന്നുണ്ട്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com